LIBRARY ARCHIVES Kerala Legislative Assembly

മിനി സിവിൽ സ്റ്റേഷൻ

229(1298) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിയ്ക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എത്രത്തോളം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിയിട്ട് എത്രനാളായി; മുടങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-2-2012-ൽ ആരംഭിക്കുകയും പണി 77 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ അടങ്കൽ തുക 9,41,46,041 രൂപയാണ്.

(സി-ഇ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-8-2014 മുതൽ മുടങ്ങിക്കിടക്കുകയാണ്. കരാറുകാരൻ റേറ്റ് ഉയർത്തിക്കിട്ടാൻ ആവശ്യപ്പെട്ട് ഒരു റിട്ട് ഹർജി കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ബാക്കി പണികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

റോഡ് അഭിവൃദ്ധിപ്പെടുത്തൽ

230(1299) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതു സംബന്ധിച്ച് കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് അനുമതി നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി നല്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ബേപ്പൂർ-ചെറുവണ്ണൂർ റോഡ് റീടാറിംഗ് ചെയ്യുന്നതിനായുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.